(ഇ) എമർജൻസി ടാർ ഉപയോഗിച്ച് ഈ റോഡുകളുടെ അറ്റകുറ്റ പണി അടിയന്തിരമായി നടത്തുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 238 കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത്. പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ ഭാഗമായി മൂവാറ്റുപുഴ മുതൽ തൊടുപുഴ വരെയുള്ള 17 കി. മീറ്റർ കെ.എസ്.ടി.പി. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പണികൾ നടന്നുവരുന്നു. പുനലൂർ-പൊൻകുന്നം-തൊടുപുഴ റോഡ് (131 കി.മീറ്റർ) കെ.എസ്.ടി.പി. രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള ധനസഹായം നൽകുന്നത് ലോക ബാങ്കാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) എമർജൻസി ടാറിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണി അടിയന്തിരമായി നടത്തുന്നതിനുള്ള നടപടി എടുക്കുന്നതാണ്.

ചേലക്കര നിയോജകമണ്ഡലത്തിലെ മരാമത്ത് പണികൾ

22 [2319] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്നതും പൂർത്തിയാക്കപ്പെടാത്തതുമായ മരാമത്ത് പണികളുടെ വിശദാംശങ്ങൾ പറയാമോ;

(ബി) ഇവ എന്നാണ് ആരംഭിച്ചതെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പണികൾ പൂർത്തിയാക്കാനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) ഈ വർഷം തന്നെ ഇവ പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. (കി.മീ. 0/000 മുതൽ 22/642 വരെ)

2. ചേലക്കര-എളനാട് റോഡിന്റെ ബാക്കി പണിയും വീതി കൂട്ടലും പുരോഗമിക്കുന്നു.

(ബി) ഇവ യഥാക്രമം 9-5-2005-നും 1-4-2005-നും ആരംഭിച്ചു. ബില്ല് പേമെന്റ് ആയിട്ടില്ല.

(സി) കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly